**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1192** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്കായി സർക്കാർ തലത്തിൽ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ് മുഖേനയും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും ഭിന്നശേഷിക്കാർക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളും യഥാക്രമം അനുബന്ധം I, II, III ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരുടെ തൊഴിൽ പുനരധിവാസ പ്രവർത്തനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പാക്കിവരുന്ന പദ്ധതിയാണ് 'കൈവല്യ'. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജ്യണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. കൈവല്യ പദ്ധതിയുടെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡവും അനുബന്ധം IV ആയി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാർ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളിലായി പി. എസ്. സി മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എത്ര ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നുള്ള വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഴിഞ്ഞ സർക്കാർ കാലയളവിൽ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഭിന്നശേഷിക്കാർക്കായി ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഓഫീസ് അറ്റൻഡന്റായി ഒരു NJD സഹിതം 3 നിയമനങ്ങളും, ക്ലർക്ക് തസ്തികയിൽ 4 NJD സഹിതം 13 നിയമനങ്ങളും പി.എസ്.സി നിയമനശുപാർശ പ്രകാരം നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള വകുപ്പ് തിരിച്ചുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സബ് ഓഫീസുകളിൽ നിന്നും ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പി. എസ്. സി വഴി ഭിന്നശേഷിക്കാർക്കായി ഏതെങ്കിലും തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഭിന്നശേഷിക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികളൊന്നും ഇപ്പോൾ നിലവിലില്ല. |
| (ഡി) | ഭിന്നശേഷിക്കാർക്കായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന കൈവല്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഭിന്നശേഷി സൗഹൃദമായി നിർമ്മിച്ചിരിക്കുന്ന മോഡൽ കൈവല്യ സെന്ററിൽ വീൽചെയർ ഉൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ ക്ലാസ്സ് മുറികൾ, അഭ്യസ്ത വിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷ പരിശീലനം നല്കുന്നതിലേക്കാവശ്യമായ ക്ലാസ്സ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര വികസനം മുൻകൂട്ടി കണ്ട് സാധ്യമായ എല്ലാ പദ്ധതികളും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്നുണ്ട്. 30.09.2020ലെ സ.ഉ(കൈ)നം.42/2020/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് (അനുബന്ധം V) പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യയുടെ കുടിശിക ആയിട്ടുള്ള 7449 സ്വയംതൊഴിൽ വായ്പ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ട് . ആയതുവഴി നാളിതുവരെ 6938 ഗുണഭോക്താക്കൾക്ക് അൻപത് ശതമാനം സബ്സിഡിയോടുകൂടി സ്വയംതൊഴിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- 'കൈവല്യ' പദ്ധതി - സ്വയംതൊഴിൽ വായ്പയ്ക്കായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നത്- നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്(കേരളം) വകുപ്പും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷനും തമ്മിൽ ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.42/2020/തൊഴില്‍ തിരുവനന്തപുരം, തീയതി, 30/09/2020

---

പരാമർശം:- 1. 01.11.2016 -ലെ സ.ഉ. (അച്ചടി) നമ്പർ 174/2016/തൊഴിൽ.

2. 06.10.2017 -ലെ സ.ഉ. (അച്ചടി) നമ്പർ 94/2017/തൊഴിൽ.

3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 23.07.2020, 15.09.2020, 19.09.2020 തീയതികളിലെ DE/1822/2020-P2 നമ്പർ കത്തുകൾ.

ഉത്തരവ്

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്(കേരളം) വകുപ്പ് മുഖാന്തിരം 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി പരാമർശം (1) ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.പ്രസ്തുത പദ്ധതിയിൻ കീഴിലെ സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി അർഹരായ അപേക്ഷകർക്ക് സാധാരണഗതിയിൽ ₹50,000/- (അൻപതിനായിരം രൂപ മാത്രം) വരെ വായ്പ തുകയുടെ 50%, പരമാവധി ₹25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) സബ്സിഡി സഹിതം പലിശരഹിത വായ്പ അനുവദിക്കുന്നു. ഗുണഭോക്താവ് 60 തുല്യ തവണകളായിട്ടാണ് വായ്പ തുക തിരിച്ചടക്കേണ്ടത്.

2. 'കൈവല്യ' സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയ്ക്ക് കീഴിൽ സ്വയംതൊഴിൽ വായ്പയ്ക്കായി സമർപ്പിച്ച 7449 അപേക്ഷകൾ നിലവിൽ തീർപ്പാക്കാനായി അവശേഷിക്കുന്നുണ്ട്. ഈ അപേക്ഷകൾ ഒറ്റത്തവണ വ്യവസ്ഥയിൽ തീർപ്പാക്കുന്നതിന്, നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NHFDC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് (KSHPWC) അനുവദിച്ച തുക വിനിയോഗിക്കുന്നതിന്, എംപ്ലോയ്മെൻറ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എന്നിവരുമായി തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 01.07.2020-ൽ ചേർന്ന യോഗത്തിൽ ധാരണയായിരുന്നു. അയതിന്റെ അടിസ്ഥാനത്തിൽ, പദ്ധതിയിൻ കീഴിൽ ലഭിച്ചിട്ടുള്ള

സ്വയംതൊഴിൽ വായ്പാ അപേക്ഷകൾ ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ പ്രകാരം തീർപ്പാക്കുന്നതിനായി ഓരോ അപേക്ഷകർക്കും ₹50,000/- (അൻപതിനായിരം രൂപ മാത്രം) വീതം വായ്പ നൽകുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ₹37,24,50,000/- (മുപ്പത്തിയേഴ് കോടി ഇരുപത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലഭ്യമാക്കുന്നതിനും, കൈവല്യ പദ്ധതിയ്ക്ക് നിലവിൽ ഫണ്ട് അനുവദിച്ച് വരുന്ന 6250-60-822-97(P)-വായ്പ, 2230-02-101-93-33(P)-സബ്സിഡി/പദ്ധതി പ്രവർത്തനം, എന്നീ ശീർഷകങ്ങളിൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുക ആനുപാതികമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലേക്ക് വായ്പ/പലിശയായി തിരികെ നൽകുന്നതിനും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം മൊത്തം തുകയ്ക്കും, 5% വാർഷിക പലിശ അടയ്ക്കേണ്ടതുണ്ട്. വനിതകൾക്കും, കാഴ്ച്ച/ശ്രവണ/ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും 1% പലിശ ഇളവ് ലഭ്യമാണ്. ഓരോ വർഷവും വായ്പാ തിരിച്ചടവിന്റെ അടിസ്ഥാനത്തിൽ ഡിമിനിഷിംഗ് നിരക്കിൽ പലിശ നൽകേണ്ടതും തിരിച്ചടവ് കാലാവധി അഞ്ച് വർഷവുമായിരിക്കും. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്ക് ഓരോ ത്രൈമാസത്തിലും വായ്പ/പലിശ അടയ്ക്കേണ്ടതാണ്. യഥാസമയം വായ്പ/പലിശ അടയ്ക്കാതെ വന്നാൽ 3% നിരക്കിൽ പിഴപ്പലിശ നൽകേണ്ടതായി വരും. കൈവല്യ പദ്ധതി പ്രകാരം, പകുതി തുക സബ്സിഡിയായി നൽകുന്നതിനാൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ അനുവദിക്കുന്ന തുകയിൽ നേർപകുതി മാത്രമേ ഗുണഭോക്താക്കളിൽ നിന്നും തിരിച്ചടവ് ലഭിക്കുകയുള്ളൂ. സബ്സിഡിയായി നൽകുന്ന തുകയും പലിശയും എംപ്ലോയ്മെന്റ് വകുപ്പ് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകേണ്ടതായി വരും. ഓരോ സാമ്പത്തിക വർഷവും കൈവല്യ പദ്ധതിക്കായി ലഭിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പലിശ/മുതൽ ഇനത്തിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകേണ്ടുന്ന തുക നൽകുവാൻ കഴിയുന്നതാണെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാണ് :-

| അകെ അപേക്ഷകരുടെ എണ്ണം | വനിതകൾ | കാഴ്ച്ച/ശ്രവണ/ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ | പുരുഷന്മാർ (മറ്റുള്ളവർ) | ആവശ്യമായ ആകെ തുക |
|---|---|---|---|---|
| 7449 | 2708 | 2177 | 2564 | |
| ആവശ്യമായ തുക (വായ്പ + സബ്സിഡി) | ₹13,54,00,000/- | ₹10,88,50,000/- | ₹12,82,00,000/- | ₹37,24,50,000/- |

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'കൈവല്യ' പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്കായി മുകളിൽ സൂചിപ്പിച്ച പ്രകാരം അപേക്ഷിച്ചവരിൽ തീർപ്പാക്കാത്ത 7449 അപേക്ഷകർക്കും, നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NHFDC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന

File No.LBRD-H1/83/2020-LBRD

4637710/2020/(D) SJD

വികലാംഗ ക്ഷേമ കോർപ്പറേഷന് അനുവദിച്ച തുക വിനിയോഗിച്ച്, ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയിൽ എത്രയും വേഗം സ്വയംതൊഴിൽ വായ്പ അനുവദിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കുവാനും, 'കൈവല്യ' പദ്ധതിയ്ക്ക് നിലവിൽ സർക്കാർ ഫണ്ട് അനുവദിക്കുന്നതും ഗുണഭോക്താക്കൾ തിരിച്ചടവ് നടത്തുന്നതുമായ 6250-60-822-97(P)-വായ്പ, 2230-02-101-93-33(P)-സബ്സിഡി/പദ്ധതി പ്രവർത്തനം, എന്നീ ശീർഷകങ്ങളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന തുക ആനുപാതികമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് വായ്പ/പലിശയായി തിരികെ നൽകുന്നതിനും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പും സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷനും തമ്മിൽ ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്, പൂജപ്പുര, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (25.09.2020 ലെ 1543649 LBR-2/207/2020-FIN നമ്പർ കുറിപ്പ് പ്രകാരം).

സാമൂഹിക നീതി വകുപ്പ്.

ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : -

തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്.

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്.

അനുബന്ധം I

**1)ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി**

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

| ശ്രേണി | ദിവസ വിദ്യാർഥികൾക്ക് | ഹോസ്റ്റൽ വിദ്യാർഥികൾക്ക് | റീഡേഴ്സ് ആലവൻസ് |
|---|---|---|---|
| 1 മുതൽ 4 വരെ | 300 | ---- | 200 |
| 5 മുതൽ 10 വരെ | 500 | ---- | 200 |
| +1, +2, ITI തത്തുല്യമായ കോഴ്സുകൾ | 750 | 1000 | 300 |
| ഡിഗ്രി, പിജി, | 1000 | 1500 | 400 |
| പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ | | | |
| പ്രൊഫഷണൽ കോഴ്സുകൾ | 1000 | 1500 | 400 |

2)വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി (സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്) സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. 1 ലക്ഷം രൂപ വരുമാന പരിധി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

- 1 മുതൽ 5 വരെ- സ്കോളർഷിപ്പ് നിരക്ക്- 300/- രൂപ
- 6 മുതൽ 10 വരെ- സ്കോളർഷിപ്പ് നിരക്ക്- 500/- രൂപ
- +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ-സ്കോളർഷിപ്പ് നിരക്ക്- 750/- രൂപ
- ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ- സ്കോളർഷിപ്പ് നിരക്ക്- 1000/-രൂപ

3)വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി . അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

സ്കോളർ ഷിപ്പ് നിരക്ക്

| ക്രമ നം | കോഴ്സ്/ക്ലാസ്/വിഭാഗം | പഠനോപകരണങ്ങൾ | യൂണിഫോം(ഒരു കാറ്റഗറിയിൽ ഒറ്റ തവണ മാത്രം ) |
|---|---|---|---|
| 1 | 9 ,10 ക്ലാസുകൾ | 1000 | 1500 |
| 2 | +1, +2, ITI ,VHSC, | 2000 | 1500 |
| 3 | ഡിഗ്രി/ഡിപ്ലോമ /പ്രൊഫഷണൽകോഴ്സുകൾ | 3000 | - |
| 4 | പിജി, | 3000 | - |

4)മാതൃജ്യോതി പദ്ധതി

ഭിന്നശേഷിക്കാരിയായ മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2

വയസ്സാകുന്നതുവരെ ധനസഹായം നൽകുന്ന പദ്ധതി.

- വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്.
- വരുമാന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിൻറെ പകർപ്പ്)
- ബാങ്ക് പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജ്
- വരുമാന പരിധി 1 ലക്ഷം രൂപ.

**5.പരിണയം പദ്ധതി**

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ വനിതകൾക്കും , ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെണ്മക്കൾക്കും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "പരിണയം". ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്

**6)ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി**

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി.

- (വരുമാന പരിധി- ഗ്രാമങ്ങളിൽ 20,000/-, നഗരങ്ങളിൽ- 24,000/- രൂപ)
- ചികിത്സയിലാണെന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്
- കാഴ്ച വൈകല്യം , കേൾവിവൈകല്യം, MR, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, എന്നീ വിഭാഗത്തിൽപ്പെട്ടുന്നവരാണ് ഗുണഭോക്താകൾ.
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

**7)സ്വാശ്രയ പദ്ധതി**

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി .പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി. ഒറ്റതവണ ധനസഹായമായി 35,000/- രൂപ അനുവദിക്കുന്നു.ശാരീരിക മാനസിക വെല്ലുവിളി 70%മോ അതിൽ കൂടുതലോ ഉള്ള വ്യക്തികളുടെ മാതാവ് ആകണം . വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചു പോയ സ്ത്രീകൾ , നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹബന്ധം

വേർപെടുത്താതെ ഭർത്താവിൽ നിന്നും സഹായം ലഭ്യമാകാത്ത സ്ത്രീകൾ , അവിവാഹിതരായ അമ്മമാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. സ്വയം തൊഴിൽ സംബന്ധിച്ച് വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

### 8)ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി

ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യുണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും . രജിസ്സ്ട്രെഷൻ ഫീ, കോഴ്സ്ഫീ/ട്യൂഷൻഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. ഓപ്പൺ യുണിവേർസിറ്റി, പ്രൈവറ്റ് രജിസ്സ്ട്രെഷൻ എന്നിവ വഴി കേരളത്തിനകത്തെ യുണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും , അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

### 9)വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം . ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുംസമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 50 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും / അതിൽ കൂടുതൽ മാർക്ക കരസ്ഥമാക്കിയവരുമായ വിദ്യാർഥികളാണ് ഗുണഭോക്താക്കൾ. പിജി/ പ്രൊഫഷനൽ കോഴ്സുകൾക്ക് 60 ശതമാനവും /അതിൽ കൂടുതൽ മാർക്ക് കരസ്ഥമായിരിക്കണം. അപേക്ഷകർ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ ( പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യഅവസരത്തിൽ തന്നെ പാസായിരിക്കണം.

10)സഹചാരി പദ്ധതി

പരസഹായം ആവശ്യമായ 40%നു മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി. ഗവൺമെന്റ്/ എയിഡഡ്/ പ്രൊഫെഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന യൂണിറ്റിനെ ആണ് ആദരിക്കുന്നത്. ജില്ലയിൽ നിന്നും മികച്ച 3 യൂണിറ്റിന് ആണ് അവാർഡ് നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനെയും അവാർഡിന് പരിഗണിക്കും.

11)പരിരക്ഷ പദ്ധതി

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി . അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതരാണ് ഗുണഭോക്താക്കൾ . അടിയന്തിര സഹായമായതിനാൽ വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25,000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ് . ആയതിന് മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിട്ടറിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

12)സഹായ ഉപകരണ വിതരണ പദ്ധതി

സംസ്ഥാനത്ത് 2015-ൽ പ്രസിദ്ധീകരിച്ച ഭിന്നശേഷിക്കാരുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 22 തരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 7,94,834 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ളവരാണ്. ഇവർക്ക് സഞ്ചരിക്കുന്നതിനും ആരോഗ്യപരിപാലനത്തിനും വിദ്യാഭ്യാസം നേടുന്നതിനും ജോലി സമ്പാദിക്കുന്നതിനും പ്രായോഗികമായി വളരെ ത്യാഗം ആവശ്യമായി വരുന്നുണ്ട്. അംഗപരിമിതരുടെ അവകാശ സംരക്ഷണവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പുവരുത്തി രാഷ്ട്രനിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുകയും ചെയ്യുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. അംഗപരിമിതൻറെ കുടുംബത്തിൻറെ വരുമാനം പരമാവധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം

ഹാജരാക്കേണ്ടതാണ് . സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല.

## 13) സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി

സംസ്ഥാനത്ത് മാനസിക രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കെയർ ഹോമുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്കും സർക്കാരിതര സ്ഥാപനങ്ങൾക്കും കെയർ ഹോമുകളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് അനുവദിക്കുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി .കേരള സൈക്കോസോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൽക്കാണ് സൈക്കോസോഷ്യൽ ഗ്രാന്റ് - ഇൻ - എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. ഇപ്രകാരം രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഗ്രാൻ-ഇൻ-എയ്ഡ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതും, ലഭ്യമായ അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉൾപ്പെട്ട ജില്ലാ തല അപ്രൈസൽ കമ്മിറ്റി സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും, അർഹതയുള്ള സ്ഥാപനങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഗ്രാന്റ്-ഇൻ-എയ്ഡ്-ന് ശുപാർശ ചെയ്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രസ്തുത അപേക്ഷകൾ സമർപ്പിയ്ക്കുകയും ചെയ്യുന്നു. നിലവിൽ 41 NGO കൾക്ക് ഈ പദ്ധതി പ്രകാരമുള്ള ഗ്രാൻ -ഇൻ-എയ്ഡ് ലഭിക്കുന്നതിന് സർക്കാർ.അനുമതി ലഭ്യമായിട്ടുണ്ട്.

## 14) അതിജീവനം സമഗ്ര പദ്ധതി

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പു വരുത്തുന്നതിനായി വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. സർക്കാർ തലത്തിൽ മാത്രമായുള്ള ഇടപെടലിലൂടെ എല്ലാ വിഭാഗക്കാർക്കുമുള്ള ക്ഷേമ പരിപാടികൾ ഉറപ്പാക്കാൻ സാധ്യമല്ലാത്തതിനാലും വൈകല്യ ബാധിതരായവർക്ക് സാമൂഹ്യാധിഷ്ഠിത/കടുംബാധിഷ്ഠിത പുനരധിവാസം പൂർണ്ണമായും സാധ്യമല്ലാത്തതിനാലും ഇത്തരം വിഭാഗക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് NGO സഹകരണം ആവശ്യമായി കാണുന്നു അപ്രകാരം NGO [illegible] ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പദ്ധതിയാണ് അതിജീവനം സമഗ്ര പദ്ധതി . ടി പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, പകൽ പരിപാലനം, വിവര സാങ്കേതിക വിദ്യയിലൂടെ പരിശീലനം എന്നിവ നൽകുന്ന സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകുന്നു. 25 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിനുള്ള ധനസഹായമാണ് അനുവദിക്കുന്നത്..

**15) പ്രത്യാശ പദ്ധതി:- ക്ഷേമ സ്ഥാപനങ്ങളിലെ അന്യ സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തെത്തിയ്ക്കുന്ന പദ്ധതി**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് 31 പുനരധിവാസ സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിയ്ക്കുന്ന ഏകദേശം 239 സർക്കാരിതര പുനരധിവാസ സ്ഥാപനങ്ങൾ ഉണ്ട്. അനാഥരോ, ഉപേക്ഷിയ്ക്കപ്പെട്ടവരോ ആയ കുട്ടികൾ, വയോജനങ്ങൾ, അഗതികൾ, ശാരീരിക/ മാനസ്സിക വൈകല്യമുള്ളവർ, മനോദൗർബല്യമുള്ളവർ എന്നിങ്ങനെ പരിഗണന അർഹിയ്ക്കുന്ന നിരവധി ജനവിഭാഗങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ താമസിച്ചു വരുന്നു. ടി സ്ഥാപനങ്ങളിലും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോട്ടുകൂടിയും സാമൂഹ്യനീതി വകുപ്പിൽ നിന്നും ഗ്രാന്റ് കൈപ്പറ്റുന്ന 41 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും വകുപ്പിന്റെ 31 ക്ഷേമ സ്ഥാപനങ്ങളിലും അന്യസംസ്ഥാനക്കാരായ താമസക്കാരുണ്ട്. ഇത്തരത്തിലുള്ള വ്യക്തികളെ സ്വന്തം സംസ്ഥാനത്ത് എത്തിയ്ക്കുകയോ അവരുടെ കുടുംബാംഗങ്ങളുമായി കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. നിലവിൽ സ്ഥാപന സൂപ്രണ്ടിന്റേയോ സന്നദ്ധ വ്യക്തികളുടേയോ സഹകരണത്താൽ അന്യസംസ്ഥാനക്കാരായവരെ സ്വന്തം സംസ്ഥാനത്ത് എത്തിയ്ക്കുന്നതിന് സർക്കാർ ഉത്തരവിന് വിധേയമായി നടപടി സ്വീകരിക്കാറുണ്ടെങ്കിലും ആയത് സംബന്ധിച്ച് പ്രസ്തുത മേഖലയിൽ പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നില്ല. മേൽ സാഹചര്യത്തിലാണ് **പ്രത്യാശ** എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചത്. 2019 മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു.

**16)ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്.**

സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ IMHANS നടത്തുന്ന വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങൾക്കായുള്ള ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് 2018 ഓഗസ്റ്റ് മാസത്തിലാണ് ആരംഭിച്ചത്. ആദിവാസി വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന ഈ പദ്ധതി മറ്റ് മാനസികാരോഗ്യ പരിപാടികൾ , ആശുപത്രികൾ, NGO എന്നിവർ എത്താത്ത ഇടങ്ങളിലെ മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ അവരുടെ ഊരുകളിൽ എത്തി കണ്ടെത്തി ചികിത്സയും തുടർന്ന് പുനരധിവാസവും മാനസികാരോഗ്യ പരിപാലനവും നൽകുന്നതിന് ലക്ഷ്യം വെച്ചുള്ളതാണ്.

**17) ഡേ കെയർ പദ്ധതി**

തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ചികിത്സ നൽകി രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് നിലവിൽ സംവിധാനമുണ്ടെങ്കിലും ഇത്തരം വിഭാഗത്തിൽ പെട്ടവർക്ക് ആവശ്യമായ പിന്തുണയും പുനരധിവാസവും നൽകി സമൂഹത്തിലേയ്ക്ക്

പുനരധിവസിപ്പിക്കേണ്ടത് സാമൂഹ്യനീതി വകുപ്പിന്റെ കൂടി ഉത്തരവാദിത്വമാണ്. മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ കോഴിക്കോട് IMHANS ന്റെ മേൽ നോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. തീവ്രമായ മാനസിക വെല്ലുവിളി നേരിട്ടുന്നവർക്ക് കൗമാര പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു. ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ടു പോയവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.

**18) കാഴ്ചപരിമിതരായ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ് പദ്ധതി**

കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചപരിമിതരായ അഭിഭാഷകർക്ക് ഒറ്റത്തവണയായി എക്സ്ഗ്രേഷ്യാ 3000/- രൂപയും, വായനാ സഹായിയെ നിയമിച്ച് റീഡേഴ്സ് അലവൻസ് നല്കുന്നതിനായി പ്രതിമാസം 4,000/- രൂപാ വീതവും വകുപ്പ മുഖേന അനുവദിച്ചു വരുന്നു.

അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, കോർട്ട് പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയവസഹിതം സാമൂഹ്യനീതിഡയറക്ടർക്കു സമർപ്പിക്കുന്നതു പ്രകാരം അനുവദിച്ചു വരുന്നു.

**19) ബാരിയർഫ്രീ കേരള പദ്ധതി**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കളക്ടർമാരുടെ ശുപാർശ പ്രകാരം പൊതുഇടങ്ങൾ ഭിന്നശേഷി സൌഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കണ്ണൂർ ജില്ലയെ ഭിന്നശേഷി സൌഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു ജില്ലകൾക്ക് തുക അനുവദിച്ചിട്ടുമുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ പുരോഗമിക്കുന്നു.

**20) Accessible India Campaign പദ്ധതി**

തിരുവനന്തപുരം നഗരത്തിലെ പൊതുകെട്ടിടങ്ങൾ, സർക്കാർ വെബ്സൈറ്റുകൾ എന്നിവ ഭിന്നശേഷിസൌഹൃദമാക്കുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ഈപദ്ധതിയിൽ നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുഗതാഗത സൌകര്യങ്ങൾ ബാരിയർഫ്രീ ആക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്കായി ഗതാഗത വകുപ്പിനും KSRTC യ്ക്കും കത്തു നല്കിയിട്ടുണ്ട്.

**21) CDMRP (Community Disability Manegement and Rehabilittion Programme) പദ്ധതി**

മാനസിക വളർച്ചയില്ലാത്ത ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും, Early Intervention, Development Disability, Rehabilittion എന്നീ മേഖലയിലെ വിദഗ്ധരുടെ സേവനം

ഉപയോഗപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശ്ശാസ്ത്ര വിഭാഗത്തിനറെ സഹകരണത്തോടെ കണ്ണൂര് , കോഴിക്കോട്,മലപ്പുറം ജില്ലകളിൽ കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് 2015-16 മുതല് പദ്ധതി നടപ്പാക്കി വരുന്നു.

**22) മൊബിലിറ്റി മിഷൻ കേരള പദ്ധതി**

മലപ്പുറം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ ശുപാർശ പ്രകാരം വളാഞ്ചേരി വികെഎം സ്പെഷ്യൽ സ്കൂളുമായി സഹകരിച്ച് ഭിന്നശേഷി കുട്ടികളുടെ വൈകല്യം പരിഹരിക്കുന്നതിന് ശസ്ത്രക്രിയകൾ നടത്തുന്നതിനും തുടർചികിത്സ, പരിശീലനം ,പരിചരണം എന്നിവ നടത്തുന്നതിനായി ആവിഷ്കരിച്ച് വകുപ്പുമുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് ഇത്.

**23) നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

1999 ലെ നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം , സെറിബ്രൽ പാൽസി, ബുദ്ധിമാന്ദ്യം, ബഹു വൈകല്യം എന്നിവ ബാധിച്ചവർക്കായി നാഷണൽ ട്രസ്റ്റ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഗുണഭോക്താക്കൾ ഇതിൽ അംഗമാകുന്നതിന് പ്രീമിയം തുക അടക്കണം. (എ.പി.എൽ - 500, ബി.പി.എൽ-250). എല്ലാ വർഷവും പോളിസി പുതുക്കണം. ഇതിനായി എ.പി.എൽ - 250, ബി.പി.എൽ-50 എന്നിങ്ങനെ പ്രീമിയം അടക്കണം. കേരളത്തിൽ ഗുണഭോക്താക്കളുടെ മുഴുവൻ പ്രീമിയം തുകയും സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടക്കുന്നു. ജില്ലകളിൽ പ്രവർത്തിക്കുന്ന നാഷണൽ ട്രസ്റ്റ് ലോക്കൽ ലെവൽ കമ്മറ്റികൾ വഴി അപേക്ഷ സമർപ്പിക്കാം.

24) ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ സംരക്ഷണം, തൊഴിൽ പുനരധിവാസം, Psyco-Social Rehabilitation, Therapy centre, കുട്ടികൾക്കുള്ള special education, തൊഴിൽ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകുന്ന സർക്കാർ ഇതര സ്ഥാപനങ്ങൾക്കു under section of 49 RPWD Act പ്രകാരമുള്ള രജിസ്ട്രേഷൻ നൽകി വരുന്നു.

## അനുബന്ധം II

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | |
|---|---|---|
| 1. | റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ | മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ഭിന്നശേഷിക്കാർക്ക് അവശ്യമായ സേവനങ്ങളും തെറാപ്പികളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഡോക്ടർ / പീഡിയാട്രിഷൻ ഉൾപ്പെടെ വിവിധ പ്രൊഫഷണലുകളുടെ സേവനം ഓരോ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററിലും ലഭ്യമാക്കിയിട്ടുണ്ട്. |
| 2. | ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ- | വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സംവിധാനങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ 14 ജില്ലകളിലും ആരംഭിക്കുന്ന പദ്ധതി. ഇതിനായി ആവശ്യമായ സ്ഥല സൗകര്യത്തോടുകൂടിയുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് അവയിലേക്കാവശ്യമായ ഫർണിച്ചറും ആധുനിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നു. കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണം പുർത്തിയാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. മറ്റു ജില്ലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |
| 3. | മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ - | അംഗപരിമിതർക്ക്, പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികളും പരിശീലനവും ആവശ്യമാണ്. വിദൂര പ്രദേശങ്ങളിലുള്ള ഭിന്നശേഷി പരിപാലന കേന്ദ്രത്തിൽ എത്തി ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പലർക്കും വിവിധ കാരണങ്ങളാൽ കഴിയുന്നില്ല. ഇതിനൊരു പരിഹാരമായി ഇത്തരക്കാർ താമസിക്കുന്ന പ്രദേശത്തിന് സമീപം ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. നിലവിൽ ദേശീയ ആരോഗ്യ ദൗത്യമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി സഹകരിച്ച് ഈ സേവനം നൽകിവരുന്നത്. ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിൽ 25 യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. |

| | | |
|---|---|---|
| | കാതോരം<br>കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായുള്ള പദ്ധതിയാണ് കാതോരം. താഴെപറയുന്ന പ്രവർത്തനങ്ങളാണ് കാതോരം പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. | |
| 4 | 1. യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് | ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്തെ പ്രസവം നടക്കുന്ന 62 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97 % നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. |
| | 2. BERA സംവിധാനം | കേൾവി പ്രശ്നമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനമാണ് BERA. ഈ സംവിധാനം National Programme for Prevention and Control of Deafness ന്റെ 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. പ്രതിവർഷം 1000 - 1500 കുട്ടികൾ BERA യിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു. |
| | 3. ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ | കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്കും, കോക്ലിയർ ഇംപ്ലാന്റ് സർജറി കഴിഞ്ഞവർക്ക് സംസാര ഭാഷാ കഴിവുകൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് ഓഡിയോ വെർബൽ തെറാപ്പി സെന്റർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിലും, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി ഡിപ്പാർട്ട്മെന്റിലും ആധുനിക സംവിധാനങ്ങളോടു കൂടിയ ഈ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിയോ വെർബൽ തെറാപ്പി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| 5. | ഹെൽപ്പ് ഡെസ്ക് | ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇവർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ നൽകുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുള്ളത്. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിന്റെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ലഭ്യമാണ്. |

| | | |
|---|---|---|
| 6. | സ്പെഷ്യൽ അങ്കണവാടികൾ - കോഴിക്കോട് ജില്ല | പ്രീസ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലന ങ്ങളും പരിശീലനങ്ങളും നൽകുന്നതിനും, ഇതിലൂടെ അവരുടെ കഴിവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനും പരമാവധി പേരെ സാധാരണ സ്കൂളിൽ അയക്കുന്നതിനും വേണ്ട ഇടപെടലു കൾ നടത്തുന്നതിനുമായി കോഴിക്കോട് ജില്ലയിൽ പരീക്ഷണാടി സ്ഥാനത്തിൽ ആരംഭിച്ച പദ്ധതി. ഒരു ഐ.സി.ഡി.എസ് പ്രോജക്ട യുടെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടിയും എന്ന കണക്കിൽ 3 അംഗൻവാടിക ളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. 2016 - 2020 കാലയളവിൽ 1110 പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഈ അംഗൻവാടികൾ വഴി പരിശീലനം നൽകുകയും 374 കുട്ടികളെ സാധാരണ സ്കൂളിൽ ചേർക്കുകയും ചെയ്തു. |
| 7 | മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യ മായ പരിചരണവും തെറാപ്പിയും ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചാ യത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകളിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളിലും, മലപ്പുറം ജില്ലയിലെ താനാലൂറിലും ആവശ്യമായ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വിർച്ചൽ റീഹാബിലിറ്റേഷൻ യൂണിറ്റും (VRU) ലഭ്യമാക്കിയിട്ടുണ്ട്. മട്ടന്നൂർ MCRC യുടെ കെട്ടിട നിർമ്മാണം നടന്നു വരുന്നു. |
| 8. | അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ് (UDID Card - ദേശീയ പരിപാടി) | സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേന്ദ്രഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ്. ഇതിനാവശ്യമായ അപേക്ഷാഫോറങ്ങൾ സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ ക്യാമ്പുകൾ സംഘടിപ്പിച്ച് ഇവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡുകളും ലഭ്യമാക്കുന്നതാണ്. |

| | | |
|---|---|---|
| | സ്പെക്ട്രം പദ്ധതി<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയ വിനിമയ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും, ലഭ്യമാക്കലും തുടങ്ങിയവയാണ് നടപ്പാക്കുന്നത്.<br>സ്പെക്ട്രം (SPECTRUM) പദ്ധതിയുടെ ആദ്യഘട്ടമായി താഴെപറയുന്ന പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുണ്ട്. | |
| 9 | 1. ഓട്ടിസം സെന്ററുകൾ | സംസ്ഥാനത്തെ 6 ഗവ.മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കോഴിക്കോട് & മഞ്ചേരി) കോഴിക്കോട് IMHANS -ലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുകയും ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്ക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, സോഷ്യൽ വർക്കർ എന്നിവരുടെ സേവനം ഓട്ടിസം സെന്ററുകളിൽ ലഭ്യമാണ്. |
| | 2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ - ൽ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ | ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 10 | ഹാമിലി ഷോർട്ട് സ്റ്റേ ഹോം- മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതി | തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂട്ടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായുള്ള കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് . കെട്ടിടനിർമ്മാണ ചുമതല. |
| 11 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിക്കുന്നതിലുള്ള പദ്ധതി | കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലൂടെ ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കി വരുന്നു. |

കൂടാതെ ബുദ്ധിപരമായ വൈകല്യങ്ങൾ ഉള്ളവർ, പൂർണ്ണമായി അന്ധരായവർ, പൂർണ്ണ ശയ്യാവലംബരായ രോഗികൾ തുടങ്ങിയവരെ പരിചരിക്കുന്നവർക്ക് 'ആശ്വാസകിരണം' പദ്ധതി പ്രകാരം പ്രതിമാസം 600/- രൂപ ധനസഹായം നൽകുന്നു.

മാനദണ്ഡങ്ങൾ

1. മെഡിക്കൽ സർട്ടിഫിക്കറ്റ്
2. കുടുംബവാർഷിക വരുമാനം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 22,375/രൂപയും പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ ആകണം. ബി.പി.എൽ റേഷൻകാർഡിൽ രോഗിയുടെ പേര് ഉണ്ടാവണം. (മാനസിക രോഗികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിമാന്ദ്യം എന്നിവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിനുള്ള വരുമാനപരിധി ബാധകമല്ല.)
3. ആശ്രിതന്റെ ആധാർകാർഡിന്റെ കോപ്പി, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി, എന്നിവ അപേക്ഷയോടൊപ്പം ചേർക്കണം
4. വിധവ, വാർദ്ധക്യ, കർഷക തൊഴിലാളി, മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭിക്കും.
5. അപേക്ഷാഫോറം www.socialsecuritymission.gov.in എന്ന വെബ്സൈറ്റിലോ / നേരിട്ട് ഓഫീസിൽ നിന്നോ ലഭ്യമാകുന്നതാണ്.

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ടോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്ട് വെയറോടു കൂടിയ ലാപ്ടോപ്, വീൽചെയർ, മുന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

- ❖ കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.
- ❖ 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- ❖ വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ❖ സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

2. ട്രൈസ്കൂട്ടർ വിതരണം

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ്വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്ക്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

- ❖ 18 വയസ്സിന് മുകളിൽ പ്രായം,
- ❖ 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
- ❖ ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- ❖ സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.
- ❖ ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- ❖ Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.
- ❖

3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക മാക്സിമം 15,000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറത്തോടൊപ്പം 40% മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് വേണ്ടി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് കീഴിൽ, പുതിയതായി ലോട്ടറി വിൽപ്പന തുടങ്ങുന്നവർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം

- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ഏജൻസി ലൈസൻസും, പുതിയ ഏജന്റ് സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. എൻ.എച്ച്.എഫ്.ഡി.സി വായ്പ.

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,000- 5,00,000/- രൂപ വരെ | 6% |
| 5,00,000- 15,00,000/- രൂപ വരെ | 7% |
| 15,00,000 - 25,00,000/- രൂപ വരെ | 8% |

(50000 രൂപവരെയുള്ള വായ്പക്ക് സ്ത്രീകൾക്കും, കാഴ്ച,കേൾവി പരിമിതർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും 1% പലിശയിളവ്)

**എൻ.എച്ച്.എഫ്.ഡി.സി വായ്പക്കും ബാങ്ക് ലോൺ വായ്പക്കും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപവരെ സബ്സിഡി**

8. ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷംരൂപയിൽ കൂടാത്തവരുമായ ഭിന്നശേഷിക്കാർക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (MR വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

9. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ
3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

10. പാറശ്ശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 'സാഫല്യം' എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ ഘടക പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നു.

കപ്പാസിറ്റി ബിൽഡിംഗ്

ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. ബാങ്കുകളുടെ നേതൃത്വത്തിലുള്ള RSETI (Rural Self Employment Training Institute), എംപ്ലോയബിലിറ്റി സെന്റർ, VRC (Vocational Rehabilitation Centre) തുടങ്ങി ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ്.

മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. മൽസര പരീക്ഷകൾക്ക് അപേക്ഷിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെയുള്ള തുടർ പരിശീലനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്യോഗാർത്ഥികളെ അനുയോജ്യമായ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും അവരെ അപേക്ഷ അയക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. പരീക്ഷകളോട് തൊട്ടടുത്ത ദിവസങ്ങളിൽ തീവ്രപരിശീലനവും നൽകുന്നു.

സ്വയം തൊഴിൽ വായ്പ പദ്ധതി

സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നു. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിതവേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി തുടർന്ന് പോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നല്കുന്നതെങ്കിലും പ്രയോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും അപേക്ഷാഫോറം ലഭിക്കുന്നതാണ്. വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തും അപേക്ഷാഫോറം എടുക്കാവുന്നതാണ്.